II ഇ.ബി. XV-കേരള നിയമസഭ/II-2

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 23, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31, * 37, *47 & *51) അനധികൃത മരം മുറി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 49 കേസ്സുകളിൽ 47 എണ്ണത്തിലും മരം മുറിച്ചത് പട്ടയഭൂമിയിൽ നിന്നാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും അവശേഷിച്ച രണ്ട് കേസ്സുകളിൽ മരത്തിന്റെ ഉറവിടം കണ്ടെത്താൻ അന്വേഷണം നടത്തിവരികയാണെന്നും പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വനഭൂമിയിൽ നിന്ന് മുറിച്ചതാകാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 24.10.2020-ലെ റവന്യൂ വകുപ്പ് ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച്

മുറിക്കപ്പെട്ട സർക്കാർ വക തടികൾ കസ്റ്റഡിയിലെടുത്ത് നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കാൻ യാതൊരു നിർദ്ദേശവും വനം വകുപ്പ് നല്കിയിരുന്നില്ല. മുട്ടിലിൽ മാത്രം പതിനാല് കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആദിവാസികൾക്കും കൃഷിക്കാർക്കും സ്വന്തം ഭൂമിയിൽ അവർക്ക് അവകാശപ്പെട്ട മരം മുറിക്കുന്നതിന് പല കാരണങ്ങളാൽ ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. വിവാദ മരം മുറിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നടപടിക്രമങ്ങളിലോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മുട്ടിലിൽ നിന്നും അനധികൃതമായി മുറിച്ച വീട്ടി തടികൾ കടത്തിക്കൊണ്ടുപോയത് തടയുന്നതിൽ വനം ചെക്ക്പോസ്റ്റ് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ടി. ജീവനക്കാരെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്.

പട്ടയഭൂമിയിലെ മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ചുവരുന്നതായും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അവർക്കെതിരെ കർശന നടപടി  സ്വീകരിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ  സംയുക്ത യോഗം  ചേർന്ന് പട്ടയഭൂമിയിലെ മരം മുറി സംബന്ധിച്ച്  ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം സജീവ ചർച്ചയ്ക്ക് വിധേയമാക്കുന്നതാണ്.  പട്ടയം ലഭിച്ച ശേഷം  കർഷകർ സ്വയം നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിൽ വനം വകുപ്പിന് അനുകൂല നിലപാടാണുള്ളതെന്നും ആദിവാസികളെയും കർഷകരെയും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള നടപടികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്നും  ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(മരം മുറിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭ വിട്ട്

പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

5 (*32) തീരസംരക്ഷണ പ്രവർത്തനങ്ങൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 10 കോടി രൂപയും ജലസേചന വകുപ്പിലെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും 2.69 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്നും ഗ്രോയിൻസ് നിർമ്മിക്കുന്നതിനായി 88.129 കോടി രൂപയുടെ 4 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കടലാക്രമണം രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള 344.20 കോടി രൂപയുടെ കിഫ്ബി പദ്ധതികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച നടപടി അന്തിമഘട്ടത്തിലാണ്. വാച്ചാക്കൽ,

കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 8 കോടി രൂപയുടെ 5 പ്രവൃത്തികൾ (1000 മീറ്റർ നീളം) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൂന്തുറ മുതൽ ശംഖുംമുഖം വരെയുള്ള തീരദേശത്ത് ജിയോ ട്യൂബ് ഉപയോഗിച്ച് 700 മീറ്റർ ദൂരം സംരക്ഷിക്കുന്നതിനും തീരസംരക്ഷണത്തിന്റെ ഭാഗമായി ശംഖുംമുഖം ഭാഗത്ത് 400 മീറ്റർ പൊതുമരാമത്ത് റോഡിനോട് ചേർന്ന് ഡയഫ്രം വാൾ നിർമ്മിക്കുന്നതിനും 700 മീറ്റർ ദൂരം ഡിറ്റാച്ച്ഡ് ബ്രേക്ക് വാട്ടർ സിസ്റ്റം ഉപയോഗിച്ച് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കടലാക്രമണം രൂക്ഷമായ മറ്റു പ്രദേശങ്ങളിൽ ഘടനയ്ക്കനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ)-നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലുള്ള പ്രവൃത്തികൾ നടത്തി തീരസംരക്ഷണം ഉറപ്പാക്കുമെന്നും ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന തീരദേശങ്ങളുടെ

സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.